സ്ഥിരം സമിതി അദാലത്ത് - ഉപജില്ലാ സമതി 4 ന്റെ പരിധിയിൽ വരുന്ന തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്തിലേയും മാത്തൂർ ഗ്രാമ പഞ്ചായത്തിലേയും പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 29.12.2025 തീയതിയിൽ തിങ്കളാഴ്ച പകൽ 11.30 മണിക്ക് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസറുടെ ക്യാബിനിൽ വെച്ച് ഉപജില്ലാ സമിതി കൺവീനർ ശ്രീമതി.ദിവ്യ കഞ്ഞുണ്ണി യുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഉപജില്ലാ സമിതി 4 ന്റെ അദാലത്തിലെ ഹാജരും അദാലത്തിൽ പരിഗണിച്ച പരാതിയും അദാലത്ത് തീരുമാനവും ചുവടെ ചേർക്കുന്നു.

ഹാജർ –

ശ്രീമതി. ദിവ്യ കഞ്ഞുണ്ണി – കൺവീനർ,ഉപജില്ലാസമിതി 4 –
ശ്രീമതി.രാധിക.ആർ – അസിസറ്റന്റ് ടൗൺ പ്ലാനർ ( അംഗം) (അധിക ചുമതതല)
ശ്രീ.അബു സെയ്ത്. – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ( അംഗം)
ശ്രീ..കിഷോർ.സെക്രട്ടറി ,തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത്
ശ്രീ.പമ്പ എലവഞ്ചേരി – ഹെഡ് ക്ലർക്ക് ,തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത്
ശ്രീ.സന്തോഷ്..എം – പരാതിക്കാരൻ.

**1.തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത്–**

**ഡോക്കറ്റ് നം.– TLPKD40858000008 – ( ശ്രീ.സന്തോഷ്.എം S/O മണിയൻ ,3/631, ഏലമന്ദം , തേങ്കുറുശ്ശി, പാലക്കാട് ).**

തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്തിൽ എലമന്ദം എന്ന സ്ഥലത്ത് ശ്രീ.സന്തോഷ്.എം എന്നവരുടെ ഉടമസ്ഥതയിലുള്ള 3/631 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രമണി ഫ്ലോർ മിൽ എന്ന സ്ഥാപനത്തിൽ തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിരന്തരം പരിശോധന നടത്തി മാനസ്സിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുയെന്ന പരാതിയിൽ സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്.ആയതു പ്രകാരം പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിൽ പരിശോധന നടത്തിയിട്ടുള്ളതായും ടി സ്ഥാപനത്തിന് വ്യവസായ വകുപ്പിൽ നിന്നും അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് ( KLMSME –6294/2025 ) ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പിന്നീട് ടി സ്ഥാപനത്തിൽ യാതൊരു വിധത്തിലുള്ള പരിശോധനയും നടത്തിയിട്ടില്ലായെന്ന് കാണുന്നു. മാത്രമല്ല ടി സ്ഥാപനത്തിനെതിരെ ആലത്തൂർ മുൻസിഫ് കോടതിയിൽ ശ്രീ.കാശിനാഥൻ എന്നവർ നിലവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയം

Scanned with OKEN Scanner

സംബന്ധിച്ച് പരാതിക്കാരനായ ശ്രീ.സന്തോഷ്.എം എന്നവരെ നേരിൽ കേട്ടതിൽ സെക്രട്ടറി സ്ഥലപരിശോധന നടത്തിയപ്പോൾ ഉണ്ടായ മനോവിഷമം മൂലമാണ് സ്ഥിരം സമിതി അദാലത്തിൽ പരാതി നൽകിയിട്ടുള്ളതെന്നും നിലവിൽ ടിയാന് യാതൊരു വിധ പരാതിയും ഇല്ലായെന്നും മൊഴി നൽകിയിട്ടുണ്ട്.

***<u>അദാലത്ത് തീരുമാനം-</u>***

*പരാതിക്കാരനായ ശ്രീ.സന്തോഷ്.എം, ഏലമന്ദം, തേങ്കുറുശ്ശി, പാലക്കാട് എന്ന വ്യക്തിക്ക് നിലവിൽ പരാതി ഇല്ലായെന്ന് മൊഴി നല്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ,ടി സ്ഥാപനം 23.11.2025 തീയതി മുതൽ പ്രവർത്തിച്ചുവരുന്നതായി ടിയാന്റെ മൊഴിയിൽ നിന്നും അറിയാൻ കഴിഞ്ഞതിനാലും ,ടി സ്ഥാപനം പ്രവർത്തിക്കുന്നത് വ്യവസായ വകുപ്പിൽ നിന്നുള്ള അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായതിനാലും ആയതിന് 17.08.2028 തീയതി വരെ കാലാവധി ഉള്ളതിനാലും ടി പരാതിയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് പരാതി തീർപ്പ് കൽപ്പിക്കുന്നു.*

**<u>2.മാത്തൂർ ഗ്രാമ പഞ്ചായത്ത് –</u>**

***<u>ഡോക്കറ്റ് നം.BPPKD40856000013,BPPKD40856000014 ( ശ്രീ.സുദേവൻ,തണ്ണീരംകാട്,മാത്തൂർ )</u>***

മാത്തൂർ ഗ്രമ പഞ്ചായത്തിൽ തണ്ണീരംങ്കാടിൽ നാല് വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന ശ്രീ.സുദേവൻ S/O പഴണൻ ,കന്നംപറമ്പിൽ വീട്,തണ്ണീരംകോട് ,മാത്തൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഓയിൽ പെട്രോൾ ബങ്ക് എന്ന സ്ഥാപനത്തിൽ പുക പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിനായി 150 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു താൽ ക്കാലിക ഷെഡ് നിർമ്മിച്ചതിന് കെട്ടിട നമ്പർ ലഭ്യമാകുന്നില്ലായെന്ന പരാതിയിൽ സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ ടി കെട്ടിടത്തിന് 12/831 കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതും ആയതിന് തെളിവായി കെ സ്മാർട്ടിൽ നിന്നുള്ള ബിൽ ഡിംഗ് സർട്ടിഫിക്കറ്റ് സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്..

***<u>അദാലത്ത് തീരുമാനം-</u>***

ശ്രീ.സുദേവൻ S/O പഴണൻ ,കന്നംപറമ്പിൽ വീട്,തണ്ണീരംങ്കോട് ,മാത്തൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഓയിൽ പെട്രോൾ ബങ്ക് എന്ന സ്ഥാപനത്തിൽ പുക പരിശോധന കേന്ദ്രം സ്ഥാപിച്ചതിനെ 12/831 എന്ന കെട്ടിട നമ്പർ അനുവദിച്ചുകാണുന്നതിനാൽ ടി പരാതിയിൽ തുടർനടപടികൾ ആവശ്യമില്ലാത്തതിനാൽ പരാതി തീർപ്പ് കൽപ്പിക്കുന്നു.

അദാലത്ത് കൃത്യം 12.35 ന് അവസാനിച്ചു.

ASSISTANT EXECUTIVE ENGINEER
L.S.G.D. SUB DIVISION
BLOCK PANCHAYATH ALATHUR

DIVYA KUNJUNNY
PEN : 844380
Internal Vigilance Officer
Joint Director Office, LSGD
Civil Station, Palakkad-678001
Mob: 9400827697

RADHIKA. R
PEN: 421638
Assistant Town Planner
LSGD Planning, Palakkad

Scanned with OKEN Scanner

ഭരണഭാഷ-മാതൃഭാഷ

മാത്തൂർ ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 678571 ഫോൺ നമ്പർ : 0492-2214044
ഇമെയിൽ : ddpmathoorpkd@gmail.com

നമ്പർ: 5074504-2025

തീയതി : 29-12-2025

പ്രേഷകൻ

സെക്രട്ടറി
മാത്തൂർ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു.തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി
സെക്രട്ടറിയേറ്റ് തിരുവനന്തപുരം

സർ,

വിഷയം: കെട്ടിട നമ്പർ അനുവദിച്ചു നൽകിയത് സംബന്ധിച്ച്

സൂചന: 1. താങ്കളുടെ കാര്യാലയത്തിൽ നിന്നും കൈമാറിതന്ന സുദേവൻ s/o പഴണൻ,കുന്നംപറമ്പിൽ വീട്,തണ്ണീരംങ്കാട്,മാത്തൂർ എന്നവരുടെ നം.10141/2025 നമ്പർ പരാതി..

മേൽ സൂചനപ്രകാരം ലഭിച്ച പരാതി പരിശോധിച്ചതിൽ പരാതിക്കാരനായ സുദേവൻ s/o പഴണൻ ,കുന്നംപറമ്പിൽ എന്നവർക്ക് 06/10/2025 തിയ്യതിയിലെ ബി.പി.സി.എൻ-00442011/2025 നമ്പർ പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 12/831 നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ടെന്ന വിവരം മേൽ നടപടികൾക്കായി താങ്കൾ സമക്ഷം സമർപ്പിക്കുന്നു.

Office of the Mathur Grama Panchayat • Pin 678571 •

വിശ്വസ്തതയോടെ

സെക്രട്ടറി

Secretary
Mathur Grama Panchavath

## Mathur Grama Panchayat

Email: **ddpmathoorpkd@gmail.com**
Website:
Phone: **0492-2214044**


Ksmart

# BUILDING CERTIFICATE

Certificate No: **PTBC-05801263-2025**
Building ID: **21008567424849**

Date of Issue: **26-12-2025**
Building Status: **ACTIVE**

| Ward Year | Zonal Office | Ward | Door/Sub Number |
|---|---|---|---|
| **2013** | **Main Office** | **12-Chathankavu** | **831** |

**Building Details**

Name of Building Owner(s)
**SUDEVAN**

Address of Building
**KUNNAMPARAMBU, MATHUR, MATHUR, Mathur Palakkad - 678571**

Category of Building: **Authorised**

Type of Roof (%): **High Quality Roof (100)**

Age of Building: **Below 1 Year (2025)**

Plinth Area of Building: **3.77 m²**

Number of Floors
**1 - Ground Floor**

Usage of Building
**Commercial office building**

Building Description

**Tax Details**

| Tax Head | Annual Tax | First Half: To be paid | Second Half: be paid |
|---|---|---|---|
| Property Tax Non Residential | 208 | 104 | .04 |
| Library Cess | 11 | 6 | 5 |
| Service Cess | 0 | 0 | 0 |
| Total | 219 | 110 | ι09 |
| Total Tax Due | | | ;. 0 |
| Is tax Exempted? | | | No |

Certified that all details shown in the certificate is as per the digital assessment re ords maintained in the Mathur Grama Panchayat.

Issuing Authority: **Secretary**

Data last updated on: **02-12-2025 10:1 AM**

*This electronically generated Building certificate is in accordance with G.O (p) No 1/2021/PIE&MD dated 07/10/2021 by the Government of rala, is valid for all purposes pertaining to the Ownership, Age and Year of Construction, Plinth Area, Type of Roof, Type of Tax Exemption, No Tax Due nd Tax Details of the Building. This certificate does not require any stamp or signature in original. The authenticity of this certificate can be verified th gh the website www.ksmart.lsgkerala.gov.in*